"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കോഴിക്കോട് റൂറൽ ജില്ലയിലെ വളയം പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിനായി ഫർണിച്ചർ വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4418/2025/HOME തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1) സ.ഉ.(കൈ) നം. 154/2025/ധന തീയതി 25.11.2025.

2) സംസ്ഥാന പോലീസ് മേധാവിയുടെ 07.10.2025 തീയതിയിലെ എച്ച്1-184243/2025/പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് റൂറൽ ജില്ലയിലെ വളയം പോലീസ് സ്റ്റേഷനു വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിനായി ഫർണിച്ചർ വാങ്ങുന്നതിലേക്കായി 9,01,622/- രൂപ 2055-00-109-99-05-04 Other Items എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നു പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് റൂറൽ ജില്ലയിലെ വളയം പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി മുഴുവൻ ഫർണിച്ചറും മാറ്റി വാങ്ങുന്നത് അനുവദിക്കാനാകില്ല എന്നതിനാൽ, മാറുമ്പോൾ, പഴയ ഫർണിച്ചറുകൾക്കു പുറമെ അവശ്യമായി വരുന്ന പുതിയ ഫർണിച്ചർ മാത്രം വാങ്ങുന്നതിന് 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) 2055-00-109-99-05-04 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (17.12.2025 ലെ വ്യയം-എ3/504/2025-ധന (3342653) പ്രകാരം)
ഡയറക്ടർ, ഐ&പിആർഡി. (വെബ്&ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 20-12-2025 15:52:43